# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 472
# 29.11.2018 ലെ മറുപടിക്ക്

## സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ

| | ചോദ്യം<br>ശ്രീ.കെ. ആൻസലൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.മാരുടെ സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് മാസങ്ങൾ കഴിഞ്ഞതിനു ശേഷമാണ് പേമെന്റ് കൊടുക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം പെയ്മെന്റ് നൽകുന്നതിലുണ്ടാകുന്ന കാലതാമസം സംബന്ധിച്ച് പൊതുവായ പരാതികളൊന്നും ഈ വകുപ്പിൽ ലഭിച്ചിട്ടില്ല. അല്ലാതെ ലഭിച്ച പരാതികളിൽ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ഈ വകുപ്പിൽ നിന്നും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കോൺട്രാക്ടർമാർ പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാൽ സാധാരണ എത്ര കാലയളവിനുള്ളിൽ പേമെന്റ് നൽകാറുണ്ടെന്ന് വ്യക്തമാക്കുമോ; | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളുടെ കൃത്യതയും സ്വീകാര്യതയും മേലധികാരികൾ സാക്ഷ്യപ്പെടുത്തുന്ന പക്ഷം ബിൽ തുകകൾ സമയബന്ധിതമായി അനുവദിക്കാറുണ്ട്. ആയതിനുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്. |
| (സി) | പേമെന്റ് വൈകുന്നതു കാരണം കോൺട്രാക്ടർമാർ വർക്കുകൾ എടുക്കുന്നതിൽ നിന്നും പിന്തിരിയുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) | പേമെന്റ് കാലതാമസം കൂടാതെ നൽകാൻ എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | ബിൽ തുകകൾ സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്. |

Majula

**സെക്ഷൻ ഓഫീസർ**